2023
AUGUST
21
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# സവാളവില പിടിച്ചുകെട്ടാൻ കേന്ദ്രം; ഇന്നുമുതൽ കിലോയ്ക്ക് 25 രൂപ

**ന്യൂഡൽഹി** സവാള വില പിടിച്ചുകെട്ടാൻ നടപടിയുമായി കേന്ദ്ര സർക്കാർ. കിലോയ്ക്ക് 25 രൂപ സബ്സിഡി നിരക്കിൽ നാഷനൽ കോഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ ഓഫ് ഇന്ത്യ (എൻസിസിഎഫ്) വഴി തിങ്കളാഴ്ച മുതൽ വിൽപന നടത്തുമെന്ന് കേന്ദ്രം അറിയിച്ചു. സവാള കയറ്റുമതിക്ക് 40 ശതമാനം തീരുവ ഏർപ്പെടുത്തിയതിനു പിന്നാലെയാണു തീരുമാനം.

സവാളയുടെ ബഫർ സ്റ്റോക്ക് മൂന്നുലക്ഷം മെട്രിക് ടണിൽനിന്ന് അഞ്ച് ലക്ഷം മെട്രിക് ടണാക്കി ഉയർത്തിയിരുന്നു. ഒക്ടോബറിലെ വിളവെടുപ്പു വരെ സവാള വില പിടിച്ചു നിർത്താനാണ് പുതിയ നീക്കത്തിലൂടെ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ ബഫർസ്റ്റോക്കിലുള്ള സവാള തിങ്കളാഴ്ച



മുതൽ എൻസിസിഎഫിന്റെ ഔട്ട്ലെറ്റുകൾ വഴി ചില്ലറ ഉപഭോക്താക്കളിലേക്ക് എത്തിക്കും.

സവാള, ഉരുളക്കിഴങ്ങ് എന്നിവയുടെ വിലയിൽ ക്രമാനുഗതമായ വർധനയുണ്ടെന്ന റിസർവ് ബാങ്ക് ലേഖനം (ബുള്ളറ്റിൻ) പുറത്തുവന്നതിനെ തുടർന്നാണു സവാള കയറ്റുമതിക്ക് സർക്കാർ 40 ശതമാനം തീരുവ ഏർപ്പെടുത്തിയത്.

കടുത്ത വേനൽ മൂലം ഇപ്പോൾ സവാളയുടെ വിളവ് കുറവാണ്. ഇതാണു വിലക്കയറ്റത്തിനു കാരണം. ജൂലൈയിൽ രാജ്യമാകെയുള്ള വിലക്കയറ്റത്തോത് 15 മാസത്തിനിടെയുള്ള ഏറ്റവും ഉയർന്ന നിരക്കായ 7.44 ശതമാനമായിരുന്നു. പച്ചക്കറി വിലയിലുണ്ടായ വർധനയാണു കണക്കിൽ പ്രധാനമായും പ്രതിഫലിച്ചത്.

# വില കുറഞ്ഞ വൈദ്യുതി തേടി കെഎസ്ഇബി

**തിരുവനന്തപുരം:** വൈദ്യുതി പ്രതിസന്ധി തുടരുമ്പോഴും ലോഡ് ഷെഡിങ് ഒഴിവാക്കാൻ തീവ്ര ശ്രമം. മറ്റു പല സ്ഥലങ്ങളിൽ നിന്നു വില കുറഞ്ഞ വൈദ്യുതി ലഭ്യമാക്കാനുള്ള തിരക്കിട്ട ശ്രമത്തിലാണു വൈദ്യുതി ബോർഡ്. ഇന്നലെ മതിയായ വൈദ്യുതി ലഭിച്ചതിനാൽ വലിയ പ്രശ്നം ഉണ്ടായില്ല. പുറത്തു നിന്നു വൈദ്യുതി വാങ്ങുന്നതിനുള്ള അധിക സാമ്പത്തിക ബാധ്യത ഏതു വിധത്തിൽ നേരിടണം എന്ന കാര്യത്തിലും ചർച്ചകൾ നടക്കുകയാണ്. ഓണവും പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പും കഴിഞ്ഞാലും ലോഡ്ഷെഡിങ് നടപ്പാക്കാതെ മുന്നോട്ടു പോകാൻ സാധിക്കുമോ എന്നാണു പരിശോധിക്കുന്നത്.

രാജ്യത്തു വൈദ്യുതി ഉപയോഗം കുതിച്ചു കയറുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് അസാധാരണ പ്രതിഭാസമാണ്. ഇതിനിടെ ശക്തമായ മഴ ലഭിച്ചാൽ സ്ഥിതി മെച്ചപ്പെടും. ഉത്തരേന്ത്യയിൽ മഴ ലഭിച്ചാൽ പോലും അതു വൈദ്യുതി വിലയും ഉപയോഗവും കുറയ്ക്കും.

# യുഎഇയിൽ 45 ഉൽപന്നങ്ങളുടെ കയറ്റിറക്കിന് വിലക്ക്

**അബുദാബി:** ഇസിഗരറ്റ്, ജീവനുള്ള മൃഗങ്ങൾ, മന്ത്രവാദ സാമഗ്രികൾ തുടങ്ങി 45 ഇനം ഉൽപന്നങ്ങളുടെ ഇറക്കുമതിയും കയറ്റുമതിയും യുഎഇ നിരോധിച്ചു. നിയമം ലംഘിച്ച് ഇത്തരം ഉൽപന്നങ്ങൾ യുഎഇയിലേക്കു കൊണ്ടുവരുന്നവർക്കും മറ്റൊരു രാജ്യത്തേക്കു കടത്തുന്നവർക്കും കടുത്ത ശിക്ഷയുണ്ടാകും. യുഎഇയിലേക്കു വരുന്നവർ നിരോധിത, നിയന്ത്രിത ഉൽപന്നങ്ങൾ ലഗേജിൽ ഇല്ലെന്ന് ഉറപ്പാക്കണമെന്ന് ജനറൽ അഡ്മിനിസ്ട്രേഷൻ ഓഫ് കസ്റ്റംസ് ആവശ്യപ്പെട്ടു.

ഇറക്കുമതിയും കയറ്റുമതിയും നിരോധിച്ചവ ലഗേജിൽ ഇല്ലെന്ന് ഉറപ്പാക്കേണ്ടത് യാത്രക്കാരന്റെയോ ഇറക്കുമതിക്കാരന്റെയോ ബാധ്യതയാണ്. നിയന്ത്രിത ഉൽപന്നങ്ങൾ കൊണ്ടുവരുന്നതിനു മുൻകൂർ അനുമതി നിർബന്ധം.

ലഹരിമരുന്ന്, വ്യാജ കറൻസി, മന്ത്രവാദ സാമഗ്രികൾ, മതവിരുദ്ധ പ്രസിദ്ധീകരണങ്ങൾ/കലാസൃഷ്ടികൾ, ചൂതാട്ട ഉപകരണങ്ങൾ, ലേസർ പെൻ (ചുവന്ന നിറം വരുന്നത്), അപകടകരമായ മാലിന്യങ്ങൾ, ആസ്ബറ്റോസ് പാനലും പൈപ്പും, ഉപയോഗിച്ചതും അറ്റകുറ്റപ്പണി ചെയ്തതുമായ ടയറുകൾ.

ജീവനുള്ള മൃഗങ്ങൾ, മത്സ്യങ്ങൾ, സസ്യങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ, ആയുധങ്ങൾ, വെടിമരുന്ന്, പടക്കങ്ങൾ, മരുന്നുകൾ, മറ്റു സ്ഫോടക വസ്തുക്കൾ, മെഡിക്കൽ ഉപകരണങ്ങൾ, മാധ്യമ പ്രസിദ്ധീകരണങ്ങളും ഉൽപന്നങ്ങളും, ആണവോർജ ഉൽപന്നങ്ങൾ, ട്രാൻസ്മിഷൻ, വയർലെസ് ഉപകരണങ്ങൾ, ലഹരി പാനീയങ്ങൾ.

നിയമലംഘകർക്ക് തടവും പിഴയും ശിക്ഷ. കൂടാതെ സാധനങ്ങളും ഉപകരണങ്ങളും കണ്ടുകെട്ടും. നിരോധിത, നിയന്ത്രിത വസ്തുക്കൾ കസ്റ്റംസിൽ റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെയും നടപടിയുണ്ടാകും.

# തൊഴിലവസരവും നിക്ഷേപവും വർധിപ്പിക്കാൻ ഇന്ത്യ സൗദി ഡിജിറ്റൽ ഇക്കോണമി കരാർ

**റിയാദ്:** ഡിജിറ്റൽ ഇക്കോണമി സഹകരണ കരാറിൽ ഇന്ത്യയും സൗദിയും ഒപ്പുവച്ചു. ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ, ഇഹെൽത്ത്, ഇലേണിങ് എന്നീ മേഖലകളിൽ സൗദിഇന്ത്യ സഹകരണം വർധിപ്പിക്കാനും ഡിജിറ്റൽ ഗവേഷണത്തിലും നവീകരണത്തിലും നവീന സാങ്കേതികവിദ്യകളുടെ ഉപയോഗത്തിലും പങ്കാളിത്തം ശക്തിപ്പെടുത്താനും കരാർ ലക്ഷ്യമിടുന്നു. സൗദി കമ്യൂണിക്കേഷൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രി അബ്ദുല്ല സ്വാഹയും റെയിൽവേ, കമ്യൂണിക്കേഷൻസ്, ഇലക്ട്രോണിക്സ്, ഐ.ടി മന്ത്രി അശ്വിനി വൈഷ്ണവുമാണ് കരാറിൽ ഒപ്പുവച്ചത്. സാങ്കേതികവിദ്യയുടെയും നവീകരണത്തിന്റെയും പ്രാദേശിക കേന്ദ്രമെന്ന നിലയിലും നിക്ഷേപത്തിനുള്ള ആകർഷക ലക്ഷ്യസ്ഥാനമെന്ന നിലയിലും സൗദിയുടെ സ്ഥാനം ശക്തമാക്കാനും ഇതു വഴിയൊരുക്കുമെന്നാണ് വിലയിരുത്തുന്നത്. പുതിയ കരാർ അനുസരിച്ച് ഇരുരാജ്യങ്ങളിലും തൊഴിൽ അവസരവും നിക്ഷേപവും വർധിക്കും. ഡിജിറ്റൽ ഇക്കോണമി ശക്തമാകുന്നതോടെ ഇ വാലറ്റ് വഴി ഇന്ത്യക്കാർക്ക് സൗദിയിൽ ഇടപാട് നടത്താവുന്ന സാഹചര്യം വരുമെന്നാണ് സൂചന.

## കെ ഫോൺ: സേവനദാതാവായി റെയിൽടെൽ

**തിരുവനന്തപുരം:** കെഫോൺ പദ്ധതി വിപുലീകരിക്കുന്നതിനുള്ള ലൈസൻസുകളും സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ തുടങ്ങിയവയും വാങ്ങി നൽകുന്നതിനുള്ള സേവനദാതാവായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ റെയിൽടെല്ലിനെ തിരഞ്ഞെടുത്തു. 27 കോടി രൂപയ്ക്കാണു റെയിൽടെൽ കെഫോണിന് സേവനങ്ങൾ നൽകുക. ഒരു വർഷം കൊണ്ട് 2.5 ലക്ഷം മുതൽ 5 ലക്ഷം വരെ ഇന്റർനെറ്റ് കണക്ഷൻ നൽകാനുള്ള സംവിധാനങ്ങളൊരുക്കുകയാണു ലക്ഷ്യം.

ആദ്യ ടെൻഡറിൽ ഒന്നാമതെത്തിയ സ്റ്റാർട്ടപ്പ് കമ്പനിക്കു കരാർ നൽകാതെ റീ ടെൻഡർ ചെയ്തതു വിവാദമായിരുന്നു. തിരുവനന്തപുരത്തെ സിറ്റ്സ എന്ന സ്റ്റാർട്ടപ്പാണ് ഒന്നാമതെത്തിയിരുന്നത്. സ്റ്റാർട്ടപ്പ് എന്നതു കണക്കിലെടുത്ത് ഇവർക്ക് ഇളവു നൽകിയത്, ടെൻഡറിൽ രണ്ടാം സ്ഥാനക്കാരായിരുന്ന റെയിൽടെൽ ചോദ്യം ചെയ്തിരുന്നു.





# പാലക്കുഴി ജലവൈദ്യുത പദ്ധതി പ്രതിസന്ധിയിൽ

**വടക്കഞ്ചേരി:** കൊട്ടിഘോഷിച്ച് തുടങ്ങിയ പാലക്കുഴി തിണ്ടില്ലം വെള്ളച്ചാട്ടം പ്രയോജനപ്പെടുത്തി നടപ്പിലാക്കുന്ന മിനി ജലവൈദ്യുത പദ്ധതി പ്രതിസന്ധിയിൽ. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന പണികൾ നിലച്ചതോടെ ജില്ലയുടെ സ്വപ്ന പദ്ധതി നടപ്പിലാക്കാൻ ആകുമോ എന്ന ആശങ്കയിലാണ് നാട്ടുകാർ. നഷ്ടമാണെന്ന് പറഞ്ഞ് കരാറുകാരൻ പണി നിർത്തി പോയി. കോടികളുടെ നഷ്ടം ഉണ്ടായെന്നാണ് കരാറുകാരൻ പറയുന്നത്. പദ്ധതി നിർമാണോദ്ഘാടനം 2018 ൽ അന്നത്തെ വൈദ്യുത മന്ത്രി നിർവഹിച്ച് പണികൾ ആരംഭിച്ചെങ്കിലും പ്രളയം വന്നതോടെ പണികൾ മുടങ്ങി. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് എട്ടരയേക്കറോളം ഭൂമിയാണ് ഏറ്റെടുത്തിരിക്കുന്നത്. ഇതിൽ നാല് ഏക്കറോളം ഭൂമി നാട്ടുകാരനായ നീർണാംകുഴിയിൽ തോമസ് സൗജന്യമായി നൽകിയതാണ്. ഒന്നരക്കോടി രൂപ മതിപ്പ് വില കണക്കാക്കുന്ന സ്ഥലമാണ് സൗജന്യമായി നൽകിയത്. തോമസിന്റെ ഒഴികെയുള്ള സ്ഥലത്തിന് ഒന്നര കോടിയോളം രൂപ ജില്ലാ പഞ്ചായത്ത് നൽകുകയും ചെയ്തു. ഇവിടെ ചെക്ക് ഡാം നിർമാണവും തുടങ്ങി.

എന്നാൽ അതും പാതിവഴിയിൽ നിർത്തി. കൊന്നയ്ക്കൽ കടവിൽ പവർഹൗസിന്റെ ജോലികളും പൈപ്പ് സ്ഥാപിക്കുന്ന ജോലികൾ നിർത്തിയതും തിരിച്ചടിയായി. നിർമാണം ആരംഭിച്ച് 5 വർഷം പിന്നിടുമ്പോഴും പദ്ധതി ഇഴഞ്ഞു തന്നെ നീങ്ങുകയാണ്. തോടിന് കുറുകെ അണക്കെട്ടിന് മുകളിലൂടെ വാഹനം കടന്നുപോകാൻ തക്കവിധം റോഡ് പണിയണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.13 കോടി രൂപയാണ് പദ്ധതിക്കായി നീക്കിവച്ചത്. വർഷത്തിൽ 3.78 ദശലക്ഷം വൈദ്യുതി ഉൽപാദനമാണ് തിണ്ടില്ലം പദ്ധതി വഴി ലക്ഷ്യമിടുന്നത്.

നിലവിൽ വെള്ളം തീരെ കുറഞ്ഞ അവസ്ഥയാണുള്ളത്. സീസൺ സമയത്ത് മാത്രമാണ് ഇവിടെ വെള്ളം ഉള്ളതെന്നതിനാൽ കൂടുതൽ ജലം ശേഖരിക്കുക മാത്രമാണ് പോംവഴി. ഇതിനായി ഡാം ഏരിയ വർധിപ്പിച്ച് വെള്ളം സംഭരിക്കണം. എന്നാൽ പദ്ധതി തന്നെ അവതാളത്തിലായ അവസ്ഥയാണുള്ളത്. മീൻവല്ലം പദ്ധതിയിലൂടെ വൈദ്യുതി ഉൽപാദന രംഗത്ത് ചുവടുപ്പിച്ച ജില്ലാ പഞ്ചായത്തിന് രണ്ടാം പദ്ധതിയിൽ കാലിടറുകയാണ്. നേതൃത്വം ശക്തമായ നിലപാട് എടുത്തില്ലെങ്കിൽ പദ്ധതി പാതി വഴിയിൽ അവസാനിക്കും.

# കോൾ കർഷകരുടെ പ്രധാന പ്രശ്നങ്ങൾക്കെല്ലാം പരിഹാരമായി മന്ത്രി കെ രാജൻ

**തൃശൂർ:** ജില്ലാ കോൾ കർഷക പ്രതിനിധി വാർഷിക പൊതുയോഗത്തിൽ കർഷകർ ഉയർത്തിയ പ്രധാന പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാനായതായി റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ. തൃശൂർ പൊന്നാനി കോൾ നിലങ്ങളിലെ പാടശേഖര സമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇറിഗേഷൻ ആക്ട് നടപ്പിലാക്കുന്ന കാര്യത്തിൽ ഇത്തവണ ഇളവ് നൽകിയതായും മന്ത്രി പറഞ്ഞു. ഇതുപ്രകാരം നിലവിലെ പാടശേഖര സമിതികളുടെ നേതൃത്വത്തിൽ തന്നെ ഇത്തവണ കൃഷി ഇറക്കാൻ സാധിക്കും. കലക്ട്രേറ്റിലെ കോൺഫറൻസ് ഹാളിൽ നടന്ന വാർത്താ സമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

കോൾ പാടങ്ങളിൽ കൃഷി വളരെ വേഗത്തിൽ ആരംഭിക്കാനുള്ള നടപടികളിലേക്ക് നീങ്ങുകയാണ്. നിലവിലെ രീതിയിൽ ആക്ടിലെ വ്യവസ്ഥകൾ പൂർണമായി പാലിച്ച് പാടശേഖര സമിതി തെരഞ്ഞെടുപ്പ് നടത്തുന്ന പക്ഷം ഇത്തവണ കൃഷി ഇറക്കുക അസാധ്യമാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് തത്സ്ഥിതി തുടരാനുള്ള തീരുമാനം. വ്യവസ്ഥകൾ പാലിച്ച് പാടശേഖര സമിതികൾ തെരഞ്ഞെടുക്കാൻ ചുരുങ്ങിയത് 60 ദിവസം വേണ്ടിവരും. കർഷകരെ സംബന്ധിച്ചിടത്തോളം അത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. കോൾ കർഷകർക്ക് അനുഗുണമാവുന്ന രീതിയിൽ ഇറിഗേഷൻ ആക്ടിന്റെ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കാൻ യോഗം ഇറിഗേഷൻ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയെന്നും മന്ത്രി പറഞ്ഞു. സമിതിയിലെ അംഗങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങളിലാണ് പ്രധാനമായും ഭേദഗതികൾ വരുത്തുക.

മുടങ്ങിക്കിടക്കുന്ന പമ്പിംഗ് സബ്സിഡി നിലവിൽ എ ഫോമും ബി ഫോമും സമർപ്പിച്ച എല്ലാ പാടശേഖര സമിതികൾക്കും എത്രയും വേഗം അനുവദിക്കാനും ഉന്നതതല യോഗം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം കണിമംഗലത്തെയും അന്തിക്കാട്ടെയും പാടശേഖരങ്ങൾക്ക് ലഭിക്കാനുള്ള പമ്പിംഗ് സബ്സിഡി ഉടൻ ലഭ്യമാക്കും. ഇക്കാര്യത്തിൽ അന്തിക്കാട്ടെ പാടശേഖര സമിതികൾക്കിടയിലുണ്ടായ തർക്കം ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കഴിഞ്ഞ ദിവസം ചേർന്ന യോഗത്തിൽ പരിഹരിക്കാനായതായും മന്ത്രി പറഞ്ഞു. സബ്സിഡി വിതരണത്തിന്റെ മേൽനോട്ട ചുമതല സബ് കലക്ടർ മുഹമ്മദ് ഷഫീക്കിനായിരിക്കും. ജില്ലകളിലെ വിവിധ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്ത് അടിയന്തര പരിഹാരം കാണാൻ മുഖ്യമന്ത്രി ഉൾപ്പെടെ 21 മന്ത്രിമാരുടെ നേതൃത്വത്തിൽ സെപ്റ്റംബർ 28 ന് തൃശൂരിൽ ചേരുന്ന മേഖലാതല യോഗത്തിൽ ഇടിയഞ്ചിറ, ഏനാമാക്കൽ റഗുലേറ്ററുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

# വിദ്യാഭ്യാസരംഗത്ത് കാലാനുസൃത മാറ്റം കൊണ്ടുവരും മന്ത്രി കെ രാധാകൃഷ്ണൻ

**തൃശ്ശൂർ:** വിദ്യാഭ്യാസരംഗത്ത് കാലാനുസൃത മാറ്റങ്ങൾ കൊണ്ടുവരുമെന്ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കക്ഷേമം, ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ. കുറ്റൂർ ചന്ദ്ര മെമ്മോറിയൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി നിർമിച്ച കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

സാധാരണ ജനങ്ങൾ ആശ്രയിക്കുന്ന പൊതു വിദ്യാലയങ്ങളെ മികച്ച നിലവാരത്തിൽ ഉയർത്തുന്ന പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ നേതൃത്വം വഹിക്കുന്നത്. പിന്നിട്ട ഏഴു വർഷങ്ങൾക്കിടയിൽ 3800 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ സർക്കാറിന് സാധിച്ചു. നാളത്തെ സമൂഹത്തെ നിർണയിക്കുന്നത് ഇന്നത്തെ വിദ്യാഭ്യാസമാണ്, നല്ല ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ പൊതുവിദ്യാലയങ്ങൾക്ക് മാതൃകാപരമായ സ്ഥാനമാണ് ഉള്ളതെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞനത്തിന്റെ ഭാഗമായ വിദ്യാകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ടിൽ നിന്നും ഒരു കോടി രൂപ വിനിയോഗിച്ചാണ് പുതിയ കെട്ടിടം നിർമിച്ചിരിക്കുന്നത്. 22.3 ലക്ഷം രൂപ ചെലവിൽ നവീകരിച്ച കിച്ചൺ സ്റ്റോർ സമർപ്പണവും, ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് വിതരണവും ചടങ്ങിൽ നടന്നു.

സേവ്യർ ചിറ്റിലപ്പള്ളി എം എൽ എ അധ്യക്ഷനായി. സ്കൂളിൽ മറ്റൊരു കെട്ടിടം കൂടി നിർമ്മിക്കുന്നതിനായി ഒരു കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളതായി എം എൽ എ പറഞ്ഞു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ജോജി പോൾ കാഞ്ഞൂത്തറ പദ്ധതി വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ റഹീം വീട്ടിപറമ്പിൽ അവാർഡുകൾ വിതരണം ചെയ്തു.

കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലക്ഷ്മി വിശ്വംഭരൻ, ജില്ലാ പഞ്ചായത്ത് അംഗം ലിനി ഷാജി, പുഴക്കൽ ബ്ലോക്ക് മെമ്പർ ജ്യോതി ടീച്ചർ, പഞ്ചായത്ത് മെമ്പർമാരായ പി എ ലോനപ്പൻ, പ്രകാശ് ഡി ചിറ്റിലപ്പിള്ളി, നിഷാ സജീവൻ, വിദ്യാ കിരണം ജില്ലാ കോഡിനേറ്റർ എൻ കെ രമേശ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഡോ. എ അൻസാർ കെ എ എസ്, പ്രിൻസിപ്പാൾ ഇ കെ ഗീത, പ്രധാനാധ്യാപിക സി രേഖ രവീന്ദ്രൻ, പിടിഎ പ്രസിഡണ്ട് പ്രശാന്ത് ഡി ചിറ്റിലപ്പിള്ളി, സി ബി അമ്പിളി, ഡേവിസ് കണ്ണനായ്ക്കൽ, പി ടി പ്രസാദ് തുടങ്ങിയവർ പങ്കെടുത്തു.



# വടക്കുന്നാഥ ക്ഷേത്ര മൈതാനിയിൽ സപ്ലൈകോ ഓണം ഫെയർ 23 ആരംഭിച്ചു

**തൃശ്ശൂർ:** സപ്ലൈകോ സംഘടിപ്പിക്കുന്ന ഓണം ഫെയർ 23 തേക്കിൻകാട് മൈതാനിയിൽ ആരംഭിച്ചു. ഓണം ഫെയറിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഡേവിസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അധ്യക്ഷനായ പി ബാലചന്ദ്രൻ എം എൽ എ ആദ്യ വിൽപ്പന നടത്തി.

വിപണിയിലെ വിലക്കയറ്റത്തെ പിടിച്ചു നിർത്തി സാധാരണക്കാരുടെ ഓണ ബജറ്റിനെ എക്കാലത്തും താങ്ങി നിർത്തുന്നതാണ് സപ്ലൈകോയുടെ ഓണം ഫെയർ . വമ്പൻ ഓഫറുകളും വിലക്കുറവുമായാണ് ഇത്തവണത്തെ സപ്ലൈകോ ഓണം ഫെയർ സംഘടിപ്പിച്ചിരിക്കുന്നത് . വിവിധ ഉൽപന്നങ്ങൾക്ക് അഞ്ച് ശതമാനം മുതൽ 50 ശതമാനം വരെ വിലക്കുറവും വിവിധ ഉൽപ്പന്നങ്ങളുടെ കോംബോ ഓഫറും ഓണം ഫെയറിലുണ്ട്. ധാന്യങ്ങൾ, വിവിധ തരം പൊടികൾ, മിൽമ ഉൽപന്നങ്ങൾ, ഹോർട്ടികൾച്ചറിന്റെ കീഴിൽ പച്ചക്കറികൾ, സോപ്പുകൾ തുടങ്ങി നിരവധി ഉൽപന്നങ്ങളാണ് ഓണം ഫെയർ 23 ൽ ഒരുക്കിയിരിക്കുന്നത്. തേക്കിൻകാട് മൈതാനിയിലെ തേക്കേ ഗോപുരനടയിൽ നടക്കുന്ന ഓണം ഫെയർ ഓഗസ്റ്റ് 28 വരെ ഉണ്ടാകും.

ചടങ്ങിൽ പാലക്കാട് സപ്ലൈകോ മേഖല മാനേജർ എസ് കമറുദ്ദീൻ, ജില്ലാ സപ്ലൈ ഓഫീസർ പി ആർ ജയചന്ദ്രൻ , വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കൃഷിക്കൊപ്പം കളമശ്ശേരി : കാർഷികോത്സവത്തിന് ആവേശോജ്വല തുടക്കം



**കൊച്ചി:** കളമശ്ശേരിയുടെ കാർഷിക പ്രൗഢി വിളിച്ചോതി കൃഷിക്കൊപ്പം കളമശ്ശേരി കാർഷികോത്സവത്തിന് ആവേശോജ്വലമായ തുടക്കം. കളമശ്ശേരിയുടെ നിരത്തിൽ വൈവിധ്യങ്ങൾ നിറച്ചുകൊണ്ട് കളമശ്ശേരി നഗരസഭ മുതൽ ഉദ്ഘാടന വേദി വരെ  വർണ്ണാഭമായ ഘോഷയാത്ര കാർഷികോത്സവത്തിന് മുന്നോടിയായി നടന്നു.നടൻ മമ്മൂട്ടി കുരുത്തോലനാട മുറിച്ചുകൊണ്ട് കാർഷികോത്സവത്തിന്റെ ഔദ്യോഗിക പരിപാടികൾക്ക് തുടക്കം കുറിച്ചു. കളമശ്ശേരി മണ്ഡലത്തിലെ കാർഷിക വൈവിധ്യം വിളിച്ചോതി പര്യടനം നടത്തിയ കടമ്പൻ മൂത്താൻ മാഞ്ഞാലിയിലെ പച്ചക്കറി തോട്ടത്തിന് സമീപത്തു നിന്ന് പെരിയാറിൽ നിന്ന് മൺകുടത്തിൽ കൊണ്ടുവന്ന വെള്ളം പകർന്ന് നടൻ മമ്മൂട്ടിയും മന്ത്രി പി രാജീവും ചേർന്ന് വൃക്ഷത്തൈ നട്ടു.മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെയും സഹകരണ സംഘങ്ങളുടെയും നേതൃത്വത്തിൽ നടന്ന ഫ്ലോട്ടുകൾ ഘോഷയാത്രയ്ക്ക് മാറ്റ് കൂട്ടി. പുലികളി, തെയ്യം, പഞ്ചവാദ്യം, വനിതകളുടെ ശിങ്കാരിമേളം, തുടങ്ങിയ ദൃശ്യ ശ്രാവ്യ മനോഹാരിതയോടെയായിരുന്നു ഘോഷയാത്ര. തിരുവനന്തപുരം ഓർഗാനിക് തിയറ്ററിന്റെ കടമ്പൻ മൂത്താനും ഘോഷയാത്രയിൽ അണിചേർന്നു.മന്ത്രി പി. രാജീവ്, ഏലൂർ നഗരസഭ ചെയർമാൻ എ.ഡി സുജിൽ, ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, സഹകരണ സംഘങ്ങൾ, കർഷകർ തുടങ്ങിയവർ ഘോഷയാത്രയിൽ അണിചേർന്നു.ഘോഷയാത്രയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും ഉള്ള സമ്മാനദാനം ചടങ്ങിൽ മന്ത്രി പി രാജീവ് നിർവഹിച്ചു. പഞ്ചായത്ത് മുൻസിപ്പാലിറ്റി തലത്തിൽ ഒന്നാം സ്ഥാനം കുന്നുകര പഞ്ചായത്ത്, രണ്ടാം സ്ഥാനം ആലങ്ങാട് പഞ്ചായത്ത്, മൂന്നാം സ്ഥാനം ഏലൂർ നഗരസഭയും കരസ്ഥമാക്കി. സഹകരണ സംഘങ്ങളിൽ ഒന്നാം സ്ഥാനം കൊങ്ങോർപ്പിള്ളി ഫാർമേഴ്സ് കോർപ്പറേറ്റീവ്  ബാങ്ക്, രണ്ടാം സ്ഥാനം ഇടപ്പള്ളി സർവീസ് സഹകരണ ബാങ്ക്, മൂന്നാം സ്ഥാനം ഏലൂർ സർവീസ് സഹകരണ ബാങ്കും കരസ്ഥമാക്കി.കളമശ്ശേരിയുടെ കാർഷിക പാരമ്പര്യം വിളിച്ചോതുന്ന തരത്തിൽ വൈവിധ്യമായ വിപണന പ്രദർശന കലാസാംസ്കാരിക പരിപാടികളാണ് വരും ദിവസങ്ങളിൽ കാർഷികോത്സവത്തിന്റെ ഭാഗമായി നടക്കുക.

# പൂക്കൃഷിയിൽ നൂറുമേനി കൊയ്ത് കൃഷി മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** കാർഷിക മേഖലയിൽ കേരളം സ്വയംപര്യാപ്തത കൈവരിക്കണമെന്ന് പറയുക മാത്രമല്ല പ്രവർത്തിച്ചു കാണിക്കുക കൂടിയാണ് കേരളത്തിന്റെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രിയായ പി. പ്രസാദ്. മന്ത്രിയുടെ ചേർത്തലയിലെ വസതിയിൽ നടത്തിയ പൂ കൃഷിയിൽ നൂറുമേനിയാണ് വിളവെടുത്തത്. മന്ത്രിയുടെ വീടിനു ചുറ്റും പ്രത്യേകം തയ്യാറാക്കിയ കൃഷിയിടത്തിൽ 2500 ചുവട് ബന്തിയും 250 ചുവട് വാടാമല്ലിയുമാണ് കൃഷി ചെയ്തത്. ഇതിന് സമീപത്തായി മധുരക്കിഴങ്ങും കൂവയും കൃഷി ചെയ്യുന്നുണ്ട്. വീട്ടിലുള്ള സമയത്ത് മന്ത്രി തന്നെയാണ് കൃഷിയിടത്തിലെ കാര്യങ്ങൾ നോക്കുന്നത്. പൂ കൃഷിയുടെ വിളവെടുപ്പ് ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി, ജില്ല കളക്ടർ ഹരിത വി. കുമാർ, സിനിമ സീരിയൽ ആർട്ടിസ്റ്റ് ബീന ആന്റണി, ചേർത്തല മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വനിത അധ്യക്ഷർ എന്നിവർ ചേർന്ന് നിർവഹിച്ചു. ഓണക്കാലത്ത് പൂക്കൾ ആവശ്യമുള്ളവർക്ക് മിതമായ നിരക്കിൽ മന്ത്രിയുടെ വീട്ടിൽ നിന്ന് തന്നെ പൂക്കൾ വാങ്ങാം.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ ഗീത ഷാജി, വി.ജി മോഹനൻ, ചേർത്തല നഗരസഭാധ്യക്ഷ ഷേർളി ഭാർഗവൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ഗീത കാർത്തികേയൻ, ജി ശശികല, സ്വപ്ന ഷാബു, ഓമന ബാനർജി, കഞ്ഞിക്കുഴി



ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എം. സന്തോഷ് കുമാർ, ചലച്ചിത്ര താരം അനൂപ് ചന്ദ്രൻ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവരും പങ്കെടുത്തു.  ഏറ്റവും ലാഭകരമായ രീതിയിൽ എല്ലാവർക്കും വീട്ടിൽ തന്നെ കൃഷി ചെയ്യാൻ കഴിയുന്ന സീസണബിൾ കൃഷിയെന്ന ആശയമാണ് ഇതിലൂടെ മന്ത്രി മുന്നോട്ടു വയ്ക്കുന്നത്. പൂക്കളും പച്ചക്കറിയും നമുക്ക് തന്നെ ഉത്പാദിപ്പിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

## ഓമനപ്പുഴ ഫെസ്റ്റ്: ലോഗോ പ്രകാശനം ചെയ്തു

**ആലപ്പുഴ:** മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തും ഡി.ടി.പി.സി.യും സംയുക്തമായി ഓമനപ്പുഴ കടപ്പുറത്ത് ഓഗസ്റ്റ് 24 മുതൽ 26 വരെ നടത്തുന്ന ഓമനപ്പുഴ ഓണം ഫെസ്റ്റ് 23ന്റെ ലോഗോ പ്രകാശനം കവിയും ഗാനരചയിതാവുമായ വയലാർ ശരത്ചന്ദ്ര വർമ്മ നിർവഹിച്ചു.മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി. സംഗീത, വൈസ് പ്രസിഡന്റ് വി. സജി,  പഞ്ചായത്ത് അംഗങ്ങളായ ഷീല സുരേഷ്, പി.ജെ. ഇമ്മാനുവൽ, ശാരിമോൾ, സി.എസ്. ജയചന്ദ്രൻ, പ്രസന്ന, പഞ്ചായത്ത് സെക്രട്ടറി കെ. രേഖ എന്നിവർ പങ്കെടുത്തു.മേരി ഇമ്മാകുലേറ്റ് സ്കൂളിലെ 8ാം ക്ലാസ് വിദ്യാർഥി ദേവനാരായണൻ വരച്ച ലോഗോയാണ് തെരഞ്ഞെടുത്തത്. ദേവനാരായണന് 26ന് നടക്കുന്ന സമാപന സമ്മേളനത്തിൽ ഉപഹാരം നൽകും.

## സി.ഡി.എസ്. വാർഷികം ആഘോഷിച്ചു

**ആലപ്പുഴ:** ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് വാർഷികം എം.എസ് അരുൺകുമാർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. സാംസ്കാരിക ഘോഷയാത്ര യോടെയാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. കറ്റാനം മാർത്തോമ ഹാളിൽ നടന്ന ചടങ്ങിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ ദീപ അധ്യക്ഷയായി. വ്യത്യസ്ഥ മേഖലകളിൽ മികവ് തെളിയിച്ചവരെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരിയും  മികച്ച കുടുംബശ്രീ സംരംഭകാരെ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ജെ.പ്രശാന്ത് ബാബുവും ആദരിച്ചു. സി.ഡി.എസ് ചെയർപേഴ്സൺ വസന്ത രമേശ് റിപ്പോർട്ട് അവതരിപ്പിച്ചു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രജനി, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുരേഷ് പി. മാത്യു, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യം സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.എസ് താഹ, ജില്ലാ പഞ്ചായത്തംഗം നികേഷ് തമ്പി, ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്  സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ കെ ശശിധരൻ നായർ, വി. ചെല്ലമ്മ, നിശാ സത്യൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ശ്യാമള ദേവി, സുരേഷ് തോമസ് നൈനാൻ, സിനു ഖാൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സി.ഡി.എസ് സെക്രട്ടറി പി. മധു തുടങ്ങിയവർ പങ്കെടുത്തു.

## എക്സ്പീരിയൻസ് ഷോറൂം ആരംഭിച്ചു

**ആലപ്പുഴ:** സംസ്ഥാന കയർ കോർപ്പറേഷൻറെ എക്സ്പീരിയൻസ് ഷോറൂം 'അനുകരണീയം' വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കയർ കോർപ്പറേഷൻ ആസിയാൻ ഗ്രൂപ്പുമായി ചേർന്ന് ഓച്ചിറയിൽ ആരംഭിച്ച 6000 സ്ക്വ. ഫീറ്റ് വിസ്തൃതിയിലുള്ള ഷോറൂമാണ് അനുകരണീയം.

ചടങ്ങിൽ യു. പ്രതിഭ എംഎൽഎ അധ്യക്ഷത വഹിച്ചു. എ.എം. ആരിഫ് എംപി ആദ്യവിൽപ്പന നടത്തി. ആർ. മഹേഷ് എംഎൽഎ പ്രോഡക്ട് ലോഞ്ച് നിർവ്വഹിച്ചു. കയർ കോർപ്പറേഷൻ ചെയർമാൻ ജി. വേണുഗോപാൽ, !മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അംബുജാക്ഷി ടീച്ചർ, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ദീപ്തി രവീന്ദ്രൻ, കൃഷ്ണപുരം പഞ്ചായത്ത് പ്രസിഡൻറ് രാധാമണി, ഓച്ചിറ പഞ്ചായത്ത് പ്രസിഡൻറ് ബി. ശ്രീദേവി, കയർ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രതീഷ് ജി. പണിക്കർ, ജനറൽ മാനേജർ എൻ. സുനുരാജ്, ആസിയാൻ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ സക്കീർ ഹുസൈൻ, ജനറൽ മാനേജർ ഷിജോയ് തോമസ് എന്നിവർ സന്നിഹിതരായി

## മെഡിക്കൽ ക്യാമ്പ് നടത്തി

**ആലപ്പുഴ:** ജില്ല സാമൂഹ്യ നീതി ഓഫീസിന്റെയും ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഹരിപ്പാട് റോട്ടറി ക്ലബിന്റെയും ആരോഗ്യ വകുപ്പിന്റെയും സഹകരണത്തോടെ ഗ്രാമപഞ്ചായത്തിലെ അതിദരിദ്ര വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ജില്ല പഞ്ചായത്തംഗം ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. രോഗ നിർണ്ണയം, രക്ത പരിശോധന, അസ്ഥിരോഗം, നേത്ര പരിശോധന, ഇ.എൻ.ടി, ദന്തൽ തുടങ്ങിയ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം ക്യാമ്പിൽ ഒരുക്കിയിരുന്നു. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ. സജീവ് അധ്യക്ഷനായി. പഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എൽ. മൻസൂർ, പഞ്ചായത്തംഗം അജിത, ജില്ല സാമൂഹ്യനീതി ഓഫീസർ എ.ഒ. അബീൻ, സത്രംഗി പ്രോജക്ട് ചെയർമാൻ സുബൈർ ഷംസു, റോട്ടറി ക്ലബ്ബ് പ്രസിഡന്റ് ഡോ.ജെ. ഷേർളി, സൂപ്പർവൈസർ ഹൈറുന്നിസ എന്നിവർ സംസാരിച്ചു.കായംകുളം താലൂക്ക് ആശുപത്രിയിലെ ഡോ.അനു അഷ്റഫ്, ഡോ.എസ്.അനൂജ, ഡോ.മേരി ബേബി, റോട്ടറി ക്ലബിൽ നിന്നുള്ള ഡോ.ഷേർളി, ഡോ.അശ്വതി ശശീന്ദ്രൻ, ഡോ. പാർവ്വതി സദാശിവൻ, ഡോ.ജെസിൻ വൈ. ദാസ് തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

# സപ്ലൈകോ എറണാകുളം ജില്ലാ ഫെയറിന് തുടക്കമായി




**കൊച്ചി:** പൊതു വിപണിയിലെ വില കുറയ്ക്കാൻ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നുണ്ടെന്ന് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃ കാര്യമന്ത്രി അഡ്വ .ജി ആർ അനിൽ. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ സപ്ലൈകോ എറണാകുളം ജില്ല ഓണം ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 40 ലക്ഷത്തിലധികം പേർ സബ്സിഡി വാങ്ങുന്നുണ്ട്. സബ്സിഡിയായി നൽകുന്ന 13 ഇനത്തിൽ പലതും മാർക്കറ്റിൽ ലഭ്യമല്ലാത്ത സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ ലഭ്യത കുറവുള്ള വൻപയർ, കടല തുടങ്ങിയവ വാങ്ങിക്കാൻ സർക്കാർ കാര്യക്ഷമമായി ഇടപെടുകയും നാഫെഡ് പോലുള്ള സ്ഥാപനങ്ങളെ നേരിട്ട് കണ്ട് ആവശ്യമായ ഉത്പന്നങ്ങൾ സപ്ലൈകോ ഓണം ഫെയറിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നയങ്ങൾ ബുദ്ധിമുട്ടുണ്ടാക്കിയിട്ടും, ഓണക്കാലത്ത് ആവശ്യത്തിന് അരി വിപണിയിൽ എത്തിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ കാർഡുകാർക്കും 30% പച്ചരിയും 70 ശതമാനം പുഴുക്കലരിയും ഓണത്തിന് വിതരണം ചെയ്യും. തക്കാളിക്ക് വടക്കേ ഇന്ത്യയിലുള്ളതിനേക്കാൾ വിലകുറച്ചാണ് കേരളത്തിൽ നൽകുന്നത്. ഇത്തരത്തിൽ സാമാന്യ ജനങ്ങൾക്ക് താങ്ങാവുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. മേയർ അഡ്വ. എം. അനിൽകുമാർ ആദ്യ വില്പന നിർവഹിച്ചു. സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീറാം വെങ്കിട്ടരാമൻ അധ്യക്ഷനായിരുന്നു. കെ എൻ ദിനകരൻ, ജില്ലാ സപ്ലൈ ഓഫീസർ ടി. സഹീർ, സപ്ലൈകോ അഡീഷണൽ ജനറൽ മാനേജർ സൂരജ്, ഡിപ്പോ മാനേജർ സജിവ് പോൾ തുടങ്ങിയവർ സംസാരിച്ചു.'വനിത'യോടൊപ്പം ആണ് ഇത്തവണ സപ്ലൈകോ, എറണാകുളം ജില്ലാ ഓണം ഫെയർ നടത്തുന്നത്.ആധുനിക സൂപ്പർ മാർക്കറ്റുകളോട് കിടപിടിക്കുന്ന രീതിയിലുള്ള സൗകര്യത്തോടെ സബ്സിഡി ഉൽപ്പന്നങ്ങൾ നൽകുന്നതിനോടൊപ്പം, മറ്റ് നിത്യോപയോഗ സാധനങ്ങൾക്ക് അഞ്ചു മുതൽ 50 ശതമാനം വരെ വിലക്കുറവും ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ കോംബോ ഓഫറുകളുമായാണ് ഇത്തവണ സപ്ലൈകോ ഓണം ഫെയർ സംഘടിപ്പിച്ചിരിക്കുന്നത്.

# ഇനി ഓണനാളുകൾ;വരവറിയിച്ച് അത്തച്ചമയ ഘോഷയാത്ര





**കൊച്ചി:** ഓണത്തിന്റെ വരവറിയിച്ചുകൊണ്ട് തൃപ്പൂണിത്തുറ അത്തച്ചമയഘോഷയാത്ര നടന്നു.മുഖ്യപിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.തൃപ്പൂണിത്തുറ അത്തച്ചമയ ഘോഷയാത്ര നൽകുന്ന മതസൗഹാർദത്തിന്റെ വെളിച്ചം എല്ലാ ദിക്കിലേക്കും പടരട്ടെയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തിന് തുടക്കം കുറിക്കുന്ന അത്തച്ചമയ ഘോഷയാത്രയുടെ മതനിരപേക്ഷ സ്വഭാവമാണ് ഏറ്റവും വലിയ പ്രത്യേകത. ലോകമെമ്പാടുമുള്ള മലയാളികൾ ഉറ്റുനോക്കുന്ന ആഘോഷമാണ് അത്തച്ചമയം. കരിങ്ങാച്ചിറ കത്തനാരും, ചെമ്പിലരയനും, നെട്ടൂർ തങ്ങളും, രാജകുടുംബാംഗങ്ങളും ഒത്തുചേർന്ന് നയിച്ച അത്തച്ചമയ ഘോഷയാത്രയുടെ മതനിരപേക്ഷ സ്വഭാവം വർത്തമാനകാല ഇന്ത്യയിൽ ഉയർത്തിപ്പിടിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. 1946 വരെ രാജവാഴ്ചയുമായി ബന്ധപ്പെട്ട ചടങ്ങായിരുന്നു അത്തച്ചമയം. പിൻകാലത്ത് ചടങ്ങിന്റെ ജനകീയത മുൻനിർത്തി ജനകീയ സമിതി ഏറ്റെടുക്കുകയായിരുന്നു. രാജവാഴ്ചകാലത്ത് ഏറ്റവും ഒടുവിലായി രാജവർമ്മ പരിഷത്ത് മഹാരാജാവാണ് അത്തച്ചമയത്തിന് നേതൃത്വം നൽകിയത്. ഇന്ന് തൃപ്പൂണിത്തുറ നഗരസഭയാണ് നേതൃത്വം നൽകുന്നത്. ലോകത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിലേക്ക് തൃപ്പൂണിത്തുറയെ ഉയർത്തിക്കൊണ്ടുവരാൻ അത്തച്ചമയ ആഘോഷങ്ങൾക്ക് സാധിക്കും. കള്ളപ്പറയും ചെറുനാഴിയും പൊളിവചനങ്ങളും ഇല്ലാത്ത സമത്വത്തിന്റെ ഒരു കാലമാണ് ഓണം നൽകുന്ന സന്ദേശം. ഓണത്തിന്റെ മാനവിക മൂല്യങ്ങൾ ഉയർത്തിക്കൊണ്ട് നമുക്ക് മുന്നോട്ടു പോകാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു. 1895 ഹിൽ പാലസ് നിർമ്മിച്ചതോടെ കൊച്ചിരാജാവിന്റെ ആസ്ഥാനം അവിടെ ആയതിനെ തുടർന്നാണ് അത്തച്ചമയ ആഘോഷങ്ങൾക്ക് ഹിൽ പാലസ് കേന്ദ്രമായത്. അത്തച്ചമയത്തിലെ ഒരുമയുടെ സന്ദേശം ഉയർത്തിക്കൊണ്ട് കേരളീയത എന്ന ഒറ്റ വികാരത്തിൽ നമുക്ക് എല്ലാവർക്കും ഒരുമിക്കാൻ കഴിയട്ടെയെന്നു മുഖ്യമന്ത്രി ആശംസിച്ചു. വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് അത്തപതാക ഉയർത്തി അത്തംനഗറിൽ (ഗവ. ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ട്) നടന്ന ഘോഷയാത്ര ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. നടൻ മമ്മൂട്ടി ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. തൃപ്പൂണിത്തറ രാജനഗരിക്ക് വർണ്ണക്കാഴ്ചയൊരുക്കി ഒട്ടനവധി നിശ്ചല ദൃശ്യങ്ങളും, നാടൻ കലാരൂപങ്ങളും, വാദ്യമേളങ്ങളും ഘോഷയാത്രയുടെ ഭാഗമായി. കെ.ബാബു എംഎൽഎ അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ ഹൈബി ഈഡൻ എംപി, തോമസ് ചാഴിക്കാടൻ എംപി, അനൂപ ജേക്കബ് എംഎൽഎ, ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ്, നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ്, വൈസ് ചെയർമാൻ കെ.കെ. പ്രദീപ് കുമാർ, മുനിസിപ്പൽ സെക്രട്ടറി പി.കെ സുഭാഷ്, അത്തച്ചമയ ഘോഷയാത്രജനറൽ കൺവീനർ കെ.വി. സാജു രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഓണാഘോഷ പരിപാടികൾക്ക് കൊടിയേറി

**കൊച്ചി:** കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ ഓണാഘോഷ പരിപാടി കുന്നത്തുനാട് ഫെസ്റ്റ് 'ലാവണ്യം 2023' ന് കൊടിയേറി. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് മൈതാനിയിൽ അഡ്വ.പി.വി.ശ്രീനിജിൻ എം.എൽ.എ.പതാക ഉയർത്തി പരിപാടികൾക്ക് തുടക്കം കുറിച്ചു. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ജില്ലാ ഭരണകൂടം, ജില്ലാ കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെയാണ് ആറ് ദിവസം നീളുന്ന ഓണാഘോഷം സംഘടിപ്പിക്കുന്നത്.പൂത്തൃക്ക പഞ്ചായത്ത് പ്രസിഡന്റ് ടി.പി വർഗീസ് അദ്ധ്യക്ഷത വഹിച്ചു. വാഴക്കുളം പഞ്ചായത്ത് പ്രസിഡന്റ് ഗോപാൽ ഡിയോ, വടവുകോട് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ടി.ആർ. വിശ്വപ്പൻ, ഷൈജ റെജി, ഓമന നന്ദകുമാർ, വാർഡ് മെമ്പർമാരായ സംഗീത ഷൈൻ, ജിംസി മേരി വർഗീസ്, എൻ. ഒ.ബാബു, ടി.എം. രാജൻ , സംഘാടക സമിതി ഭാരവാഹികളായ ജോർജ് ഇടപ്പരത്തി, സി.കെ.വർഗീസ്, എം.പി.ജോസഫ്, റെജി ഇല്ലിക്കപറമ്പിൽ, സി.കെ വീരാൻ, നിസാർ ഇബ്രാഹീം, റെജി സി വർക്കി,രജ്ഞിത് രത്നാകരൻ, എം എൻ അജിത്ത്, പോൾ വെട്ടിക്കാടൻ, ഒ.എം.അഖിൽ തുടങ്ങിയവരും വിവിധ സംഘടനാ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.തുടർന്ന് സെന്റ് പീറ്റേഴ്സ് കോളേജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പൂക്കള മത്സരം മുൻ പഞ്ചായത്ത് പ്രസിഡന്റ് സി.കെ. വർഗീസ് ഉദ്ഘാടനം ചെയ്തു. ശേഷം ഓണാഘോഷത്തിന്റെ സന്ദേശമുയർത്തി കോലഞ്ചേരിയിൽ നിന്നാരംഭിച്ച വിളംബര ജാഥ പുത്തൻകുരിശ്, വടവുകോട്, പുളിഞ്ചോട്, പട്ടിമറ്റം, കടയിരുപ്പ്, തമ്മാനിമറ്റം, കിങ്ങിണിമറ്റം വഴി കോലഞ്ചേരിയിൽ സമാപിച്ചു.

# അത്തച്ചമയം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ആഘോഷമാക്കി മാറ്റണം: മമ്മൂട്ടി

**കൊച്ചി:** അത്തച്ചമയം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ആഘോഷമാക്കി മാറ്റണമെന്ന് മമ്മൂട്ടി. അത്തച്ചമയ ഘോഷയാത്ര ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജാക്കന്മാർ സർവാഭരണ വിഭൂഷിതരായി തെരുവോരങ്ങളിൽ ഘോഷയാത്രയായി എത്തുമ്പോൾ പ്രജകൾ കാത്തു നിൽക്കുന്ന തായിരുന്നു അത്തച്ചമയത്തിന്റെ സങ്കല്പം. എന്നാൽ ഇപ്പോൾ ജനാധിപത്യ സംവിധാനത്തിൽ പ്രജകളാണ് രാജാക്കന്മാർ. ജനങ്ങളുടെ സന്തോഷത്തിന്റെയും സൗഹാർദത്തിന്റെയും സ്നേഹത്തിന്റെയും ആഘോഷമായി അത്തച്ചമയം മാറി എന്നും മമ്മൂട്ടി പറഞ്ഞു.ഏത് സങ്കല്പത്തിന്റെയും ഏത് വിശ്വാസത്തിന്റെയും പേരിലായാലും അത്തം നമുക്ക് ആഘോഷമാണ്. അത്തച്ചമയം കലാ സാഹിത്യ സാംസ്കാരിക ഉത്സവമാക്കി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ആഘോഷമാക്കി മാറ്റണമെന്നും മമ്മൂട്ടി പറഞ്ഞു.

## വൈവിധ്യങ്ങളുടെ ഉത്സവത്തിന് തുടക്കം കുറിക്കാനായതിൽ അഭിമാനം: മന്ത്രി പി. രാജീവ്

**കൊച്ചി:** ജാതിയുടെയും മതത്തിന്റെയും സമ്പത്തിന്റെയും അതിർവരമ്പുകൾക്ക് അതീതമായ വൈവിധ്യങ്ങളുടെ ഉത്സവ ആഘോഷങ്ങൾക്ക് തുടക്കം കുറിക്കാനായതിൽ ഏറെ അഭിമാനമുണ്ടെന്ന് മന്ത്രി പി. രാജീവ്. തൃപ്പൂണിത്തുറയിൽ ഗവ. ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിലെ അത്തംനഗറിൽ അത്തച്ചമയ ആഘോഷങ്ങൾക്ക് തുടക്കം




കുറിച്ച്അത്തപതാക ഉയർത്തി സംസാരിക്കുകയായിരുന്നു മന്ത്രി.മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന് തൃപ്പൂണിത്തുറയിൽ ആണ് തുടക്കം. നമുക്കെല്ലാം അഭിമാനകരമായ ഈ സന്ദർഭത്തിൽ വിവേചനങ്ങൾക്ക് അതീതമായി ഒരേ മനസ്സോടെ മലയാളികൾ ആഘോഷത്തിൽ പങ്കു ചേരുകയാണ്. അത്തച്ചമയ ഘോഷയാത്രയുടെ ഉദ്ഘാടന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മമ്മൂട്ടി ഘോഷയാത്ര ഫ്ലാഗ് ഓഫ് ചെയ്തു. തൃപ്പൂണിത്തറ രാജനഗരിക്ക് വർണ്ണക്കാഴ്ചയൊരുക്കി ഒട്ടനവധി നിശ്ചല ദൃശ്യങ്ങളും നാടൻ കലാരൂപങ്ങളും വാദ്യമേളങ്ങളും ഘോഷയാത്രയിൽ പങ്കെടുത്തു.

# ഇടപ്പള്ളി വടക്കുംഭാഗം 36 മോഡൽ കേരളം അനുകരിക്കണം



**കൊച്ചി:** കൊച്ചി കോർപ്പറേഷൻ പരിധിയിൽ കുന്നുംപുറം 36 ാം ഡിവിഷനിൽ ജൈവ മാലിന്യ സംസ്കരണ, അജൈവ മാലിന്യ ശേഖരണ യൂണിറ്റായ ഇടപ്പള്ളി വടക്കുംഭാഗം 36 മോഡൽ കേരളം മുഴുവൻ അനുകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. മാലിന്യ സംസ്കരണ യൂണിറ്റ് പരിസരത്ത് നടന്ന ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.മാലിന്യക്കൂനയായി കിടന്ന സ്ഥലം മാലിന്യ സംസ്കരണ യൂണിറ്റ് യാഥാർത്ഥ്യമായതോടെ മാലിന്യ മുക്തമായി. രണ്ട് ടൺ ജൈവമാലിന്യങ്ങൾ യൂണിറ്റിൽ സംസ്കരിക്കാനും വളമായി മാറ്റാനും സാധിക്കും. ബ്രഹ്മപുരത്തിന് ശേഷം കൊച്ചിയിലെ മാലിന്യ സംസ്കരണത്തിന് വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കോർപ്പറേഷൻ പരിധിയിൽ 25 കണ്ടെയ്നർ മെറ്റീരിയൽ കളക്ഷൻ സെന്ററുകളും (എം സി എഫ്) 60 ടൺ ശേഷിയുള്ള നാല് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും(ആർ ആർ എഫ്) ആരംഭിച്ചു. ആർ ആർ എഫുകൾ പത്ത് എണ്ണം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. കൂടാതെ കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കാൻ നടത്തിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി വെള്ളക്കെട്ട് പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഹരിത കർമ്മ സേന അംഗങ്ങളെയും ഇടപ്പള്ളി വടക്കുംഭാഗം 36 മോഡൽ പദ്ധതി യാഥാർത്ഥ്യമാകുന്നതിന് നേതൃത്വം നൽകിയ വിവിധ വ്യക്തികളെയും ചടങ്ങിൽ മന്ത്രി ആദരിച്ചു.സഹകരണ മേഖലയും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് കേരളത്തിൽ ആദ്യമായി നടപ്പിലാക്കുന്ന ജൈവ മാലിന്യനിർമാർജന പദ്ധതി ഇടപ്പള്ളി വടക്കുംഭാഗം സർവീസ് സഹകരണ ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. കുന്നുംപുറം 36ാം ഡിവിഷൻ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേന മുഖേന വീടുകളിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ വളമാക്കുക, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരണത്തിനായി കൈമാറുക എന്നിവയ്ക്ക് ആവശ്യമായ സംവിധാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി പൂർത്തീകരിച്ചത്.കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ മുഖ്യാതിഥിയായി. ഇടപ്പള്ളി വടക്കുംഭാഗം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എ. വി. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. കൊച്ചി കോർപ്പറേഷൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുനിത ഡിക്സൺ, 36 ാം ഡിവിഷൻ കൗൺസിലർ അംബിക സുദർശൻ, ഹരിത സഹായ സ്ഥാപനം പ്രതിനിധി ദീപക് വർമ്മ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ജില്ല അഭിഭാഷക സഹകരണ സംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു




**കൊച്ചി:** എറണാകുളം ജില്ലാ കോടതിയിൽ സഹകരണ സംഘം ഓഫീസ് അഡ്വക്കേറ്റ് ജനറൽ അഡ്വ. കെ.ഗോപാലകൃഷ്ണ കുറുപ്പ് ഉദ്ഘാടനം നിർവഹിച്ചു. അഭിഭാഷകരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും സാമ്പത്തിക വായ്പ നൽകുന്നതിനും വേണ്ടിയാണ് അഭിഭാഷക സഹകരണ സംഘം ആരംഭിച്ചത്.എറണാകുളം ജില്ലാ കോടതി ബാർ അസോസിയേഷൻ ഹാളിൽ നടന്ന ചടങ്ങിൽ സഹകരണ സംഘത്തിന്റെ ആദ്യ കമ്പ്യൂട്ടർ വായ്പ ഉദ്ഘാടനം അഡ്വ. എൻ.എസ് ഹസ്ന മോൾക്ക് നൽകി അഡ്വക്കേറ്റ് ജനറൽ ഗോപാലകൃഷ്ണ കുറുപ്പ് നിർവഹിച്ചു. പുസ്തക വായ്പ ഉദ്ഘാടനം അഡ്വ. പത്മലക്ഷ്മി ജയമോഹന് നൽകി പ്രിൻസിപ്പൽ ജില്ലാ ജഡ്ജി ഹണി എം.വർഗീസ് നിർവഹിച്ചു. ജില്ലാ അഭിഭാഷക സഹകരണ സംഘം പ്രസിഡന്റ് അഡ്വ. കെ.കെ നാസർ അധ്യക്ഷത വഹിച്ചു. കേരള ബാർ കൗൺസിൽ ചെയർമാൻ അഡ്വ. കെ.എൻ അനിൽകുമാർ, സ്റ്റേറ്റ് അറ്റോർണി അഡ്വ.എൻ.മനോജ് കുമാർ, ജില്ലാ ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. മത്തായി വർക്കി മുതിരേന്തി, സഹകരണ വകുപ്പ് ജില്ലാ ജോയിന്റ് റജിസ്ട്രാർ കെ.സജീവ് കർത്ത, കണിയന്നൂർ താലൂക്ക് അസിസ്റ്റന്റ് റജിസ്ട്രാർ കെ.ശ്രീലേഖ, ജില്ലാ അഭിഭാഷക സഹകരണ സംഘം സെക്രട്ടറി അഡ്വ.ടി.പി രമേശ്, ജില്ലാ അഭിഭാഷക സഹകരണ സംഘം വൈസ് പ്രസിഡന്റ് അഡ്വ. ടി.എ ജോർജ് ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

# കളമശേരിയിൽ വിളവെടുപ്പ് മഹോത്സവം



**കൊച്ചി:** കൃഷിക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന കാർഷികോത്സവം 2023ന് മുന്നോടിയായി കളമശ്ശേരി മണ്ഡലത്തിൽ വിളവെടുപ്പ് മഹോത്സവം നടന്നു. മണ്ഡലം എം.എൽ.എയും വ്യവസായ വകുപ്പ് മന്ത്രിയുമായ പി രാജീവിന്റെ നേതൃത്വത്തിലാണ് മണ്ഡലത്തിലെ വിവിധ കൃഷിയിടങ്ങളിൽ വിളവെടുപ്പ് നടന്നത്. കുന്നുകര, കരുമാലൂർ, കടുങ്ങല്ലൂർ, ഏലൂർ, ആലങ്ങാട് എന്നിവിടങ്ങളിൽ മന്ത്രി നേരിട്ടെത്തി വിളവെടുപ്പിന് നേതൃത്വം നൽകി. കളമശ്ശേരിയിലെ റഹീമിന്റെ മത്സ്യകൃഷിയിൽ വിളവെടുത്താണ് വിളവെടുപ്പ് മഹോത്സവത്തിന് സമാപനം കുറിച്ചത്. സ്വകാര്യ വ്യക്തിയിൽ നിന്നും പാട്ടത്തിനെടുത്ത 70 സെന്റ് സ്ഥലത്ത് വരാൽ, സിലോപ്പിയ എന്നീ മത്സ്യങ്ങളാണ് റഹീം കൃഷി ചെയ്യുന്നത്.കുന്നുകരയിൽ സുഗതന്റെ പച്ചക്കറി കൃഷിയിടം, മാഞ്ഞാലിയിൽ അൻസാർ, സജിൽ, മനാഫ് എന്നിവരുടെ കൃഷിയിടം, കരുമാല്ലൂരിൽ പുറപ്പിള്ളിക്കാവ് ഡേവിസിന്റെ പൂവ് കൃഷി, ആലങ്ങാട് നീറിക്കോട് ബാങ്കിന്റെ പൂ കൃഷി, ചിറയം മഹിളകളുടെ പൂ കൃഷി, കടുങ്ങല്ലൂരിൽ കയ്യിന്റിക്കര ജിബിന്റെ കൃഷിയിടം, ഏലൂർ ഒന്നാം വാർഡിൽ ചുമ്മാറിന്റെ കൃഷിയിടം, കെ.പി കനകന്റെ കൃഷിയിടം, കളമശ്ശേരിയിൽ റഹീമിന്റെ മത്സ്യകൃഷി എന്നിവിടങ്ങളിൽ വിളവെടുപ്പ് നടന്നു.ഘോഷയാത്രയോടെയാണ് കൃഷിയിടങ്ങളിലേക്ക് മന്ത്രിയെ സ്വീകരിച്ചത്. കൃഷിയുടെ പ്രാധാന്യം വിളിച്ചോതി ഓർഗാനിക് തിയറ്ററിന്റെ കടമ്പൽ മൂത്താൻ നയിക്കുന്ന കാർഷിക വിളംബര ജാഥ വിളവെടുപ്പ് മഹോത്സവത്തിന് മാറ്റ് കൂട്ടി മന്ത്രിയെ അനുഗമിച്ചു. കളമശ്ശേരിയിൽ ആഗസ്റ്റ് 20 മുതൽ 27 വരെ നടക്കുന്ന കാർഷികോത്സവം 2023 പ്രദർശന വിപണനമേളയിൽ ഇന്ന് വിളവെടുത്തതും മറ്റ് പ്രാദേശിക കാർഷിക ഇനങ്ങളുടെയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായിരിക്കും മുഖ്യ ആകർഷണം. കളമശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, വൈസ് പ്രസിഡന്റ് എം.ആർ രാധാകൃഷ്ണൻ, കടങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മുട്ടത്തിൽ, കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീലത ലാലു, ആലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എം മനാഫ്, വൈസ് പ്രസിഡന്റ് ലത പുരുഷോത്തമൻ, ഏലൂർ മുനിസിപ്പാലിറ്റി ചെയർമാൻ എ.ഡി സുജിൽ എന്നിവർ അതത് തദ്ദേശ സ്ഥാപനങ്ങളിൽ വിളവെടുപ്പിൽ മന്ത്രിക്കൊപ്പം പങ്കെടുത്തു.ആഗസ്റ്റ് 20ന് വൈകിട്ട് 5ന് സാംസ്കാരിക ഘോഷയാത്രയുടെ തുടക്കം കുറിക്കുന്ന കാർഷികോത്സവം നടൻ മമ്മൂട്ടി ഉദ്ഘാടനം ചെയ്യും. കളമശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര കാർഷിക വികസന പദ്ധതിയാണ് കൃഷിക്കപ്പം കളമശ്ശേരി.

## മെഡിക്കൽ/എൻജിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന ധനസഹായം

**കൊച്ചി:** 2023 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസിൽ കുറയാത്ത ഗ്രേഡ് ലഭിച്ചവരും കുടുംബ വാർഷിക വരുമാനം 4,50,000 രൂപയിൽ കവിയാത്തവരും 202324 അധ്യയനവർഷം ജില്ലയിലെ ഗവ/എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിൽ സയൻസ് കോഴ്സിന് പഠിക്കുന്നതുമായ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ധനസഹായം അനുവദിക്കുന്നു. അർഹരായ വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷ, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ജാതി, വരുമാന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ്, പരിശീലന സ്ഥാപനത്തിൽ ഫീസ് ഒടുക്കിയതിന്റെ രസീത് എന്നിവ സഹിതം സെപ്റ്റംബർ 5 വൈകിട്ട് 5നകം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കണം.

## പൂക്കള മത്സരം 22 ന്

**കൊച്ചി:** ഓണാഘോഷത്തോടനുബന്ധിച്ച് എറണാകുളം ജില്ലാ ഭരണകൂടവും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും ജില്ലാ പഞ്ചായത്തും സംയുക്തമായി പൂക്കള മത്സരം സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 22ന് രാവിലെ 9നാണ് മത്സരം. കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ആർക്കും പങ്കെടുക്കാം. 3 പേർ മുതൽ 7 പേർ വരെ ഉൾക്കൊള്ളാവുന്ന ടീമുകൾക്ക് മത്സരിക്കാം. പ്രായഭേദമില്ല. 5 മുതൽ 10 ശതമാനം വരെ ഇലകളോടുകൂടി പൂക്കൾ മാത്രമായിരിക്കണം പൂക്കളത്തിന് ഉപയോഗിക്കേണ്ടത്. സമ്മാനാർഹർക്ക് 30000, 25000, 20000, 15000, 10000 എന്നിങ്ങനെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും ലഭിക്കും. 500 പൂക്കളങ്ങളോടുകൂടി ലോക റെക്കോർഡ് പൂക്കളമെന്ന കീർത്തിയിലേയ്ക്കാണ് പൂക്കള മത്സരം ക്രമീകരിച്ചിരിക്കുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 21ന് വൈകുന്നേരം 5 നു മുൻപായി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സൗജന്യമായിരിക്കും. ബന്ധപ്പെടേ നമ്പർ.-9946322299

## താൽപര്യ പത്രം ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് മറ്റ് പിന്നാക്ക സമുദായങ്ങളിൽ ഉൾപ്പെട്ട (ഛആഉ) നഴ്സിംഗിന് നാലാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്കും നഴ്സിംഗ് പഠനം പൂർത്തീകരിച്ച് ൪ വർഷം പൂർത്തിയായിട്ടില്ലാത്ത ഉദ്യാഗാർത്ഥികൾക്കും, 202324 വർഷം 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം' പദ്ധതിയുടെ ഭാഗമായി പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള IELTS/TOEFL/OET/NCLEX തുടങ്ങിയ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സുകൾക്ക് പരിശീലനം നൽകുന്നതിന് ഈ കോഴ്സുകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി എംപാനൽ ചെയ്യുന്നതിനായി ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നും താൽപര്യ പത്രം ക്ഷണിച്ചു. താൽപര്യപത്രത്തിന്റെ മാതൃക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു്. നിർദിഷ്ട മാതൃകയിൽ തയ്യാറാക്കിയ താൽപര്യപത്രം സമർപ്പിക്കേ അവസാന തിയ്യതി: സെപ്തംബർ 08. കൂടുതൽ വിവരങ്ങൾക്ക് www.bcdd.kerala.gov.in, www.egratnz.kerala.gov.in എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.ഫോൺ എറണാകുളം മേഖലാ ഓഫീസ് 0484 2983130

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള വാഴക്കുളം (അഡീഷ്ണൽ) ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിലെ ഉപയോഗത്തിനായി 202324 സാമ്പത്തിക വർഷം 2023 ഒക്ടോബർ മാസം മുതൽ ഒരു വർഷക്കാലയളവിലേക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ആലുവ തോട്ടക്കാട്ടുകര ശിവ ടെമ്പിൾ റോഡിലുള്ള വാഴക്കുളം (അഡീഷ്ണൽ) ശിശു വികസന പദ്ധതി ഓഫീസിൽ എല്ലാ പ്രവർത്തി ദിവസവും രാവിലെ 10 മുതൽ 5 വരെ ബന്ധപ്പെടാം.ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി 24.08.2023 ( ഉച്ചക്ക് 2 വരെ ). ഫോൺ 04842952488, 9387162707.

## കളമശേരി അസാപ്പിൽ ഇംഗ്ലീഷ് ട്രെയ്നർ കോഴ്സ്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയ്നർ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. 400 മണിക്കൂർ ആണ് ട്രെയിനിങ് പ്രോഗ്രാം. കോഴ്സ് പൂർത്തിയാക്കുന്നവർക് വിവിധ സ്ഥാപനങ്ങളിൽ സോഫ്റ്റ് സ്കിൽ ട്രെയ്നറായി ജോലി ചെയ്യാം. കേന്ദ്ര സർക്കാർ അംഗീകൃത എൻ എസ് ഡി സി സർട്ടിഫിക്കറ്റ് ലഭിക്കും. 18 വയസ് തികഞ്ഞ ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കളമശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിക്കുകയോ ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക. 9778598336, 9995618202.

## ടെൻഡർ ക്ഷണിച്ചു

കൊച്ചി: ദേശീയ ആരോഗ്യ ദൗത്യം (ആരോഗ്യകേരളം) എറണാകുളത്തിന് കീഴിൽ മാതൃയാനം പദ്ധതിയിലേക്ക് തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി, ആലുവ ജില്ല ആശുപത്രി, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി, മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലേക്ക് ടാക്സി പെർമിറ്റുള്ള ഓരോ വാഹനം വീതം മൂന്ന് മാസത്തേക്ക് കരാറടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് വാഹന ഉടമകളിൽ നിന്നും മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡറുകൾ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 24 ഉച്ചയ്ക്ക് ശേഷം 3 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04842354737.

# 2026 ഓടെ ഇന്ത്യയിലെ മെഡിക്കൽ ടൂറിസം വിപണിമൂല്യം 13.42 ബില്യൺ ഡോളറാകും

**കൊച്ചി:** അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇന്ത്യയിലെ മെഡിക്കൽ വാല്യൂ ടൂറിസം (എം.വി.ടി) വിപണിയിൽ വൻ കുതിച്ച് ചാട്ടമുണ്ടാകുമെന്ന് ആസ്റ്റർ ഡി.എം. ഹെൽത്ത് കെയർ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ. 2020 ലെ കണക്കനുസരിച്ച് 2.89 ബില്യൺ ഡോളറായിരുന്നു വിപണി മൂല്യം. 2026ഓടെ ഇത് 13.42 ബില്യൺ ഡോളറായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ആസ്റ്റർ ഹെൽത്ത് കെയറിന്റെ വിവിധ ആശുപത്രികളിലായി മിഡിൽ ഈസ്റ്റ്, പശ്ചിമാഫ്രിക്ക, സാർക്ക് രാജ്യങ്ങൾ എന്നിവിടങ്ങളിലെ 4000ത്തിലധികം രോഗികൾക്ക് കഴിഞ്ഞ വർഷം സേവനം നൽകിയതായും ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന അഡ്വാന്റേജ് ഹെൽത്ത് കെയർ ഇന്ത്യ 2023 ഉച്ചകോടിയുടെ ഏഴാം പതിപ്പിൽ മെഡിക്കൽ വാല്യൂ ടൂറിസവുമായി ബന്ധപ്പെട്ട സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.മെഡിക്കൽ രംഗത്തെ മികവിനൊപ്പം സാങ്കേതികവിദ്യ, സഹകരണം എന്നിവ കൂടി സംയോജിക്കുന്നിടത്താണ് ആരോഗ്യ മേഖലയുടെ ഭാവി. ഇക്കാര്യത്തിൽ ഇന്ത്യയുടെ പ്രതിച്ഛായ പൂർണമായും മാറിയിട്ടുണ്ട്. ഏറ്റവും ആധുനികമായ ചികിത്സയാണ് വാഗ്ദാനം ചെയ്യുന്നത്. ആധുനിക വൈദ്യചികിത്സ ലഭ്യമാക്കുന്നതിനൊപ്പം സമഗ്രമായ പരിചരണം നൽകുന്നതിലും പൂർണ ശ്രദ്ധ നൽകുന്നു. രാജ്യത്തെ 42 ആശുപത്രികൾക്ക് അന്തർദേശീയ അംഗീകാരമായ ജോയിന്റ് കമ്മീഷണർ ഓഫ് ഇന്റർനാഷണലിന്റെയും (ജെ.സി.ഐ) 1000 ലധികം ആശുപത്രികൾക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സിന്റെയും (എൻ.എ.ബി.എച്ച്) അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. ഇത്തരം അനുകൂല സാഹചര്യങ്ങളാണ് ആരോഗ്യ ടൂറിസം മേഖലയിലെ വളർച്ചക്ക് രാജ്യത്തെ പ്രാപ്തമാക്കിയത്.ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന്റെ കീഴിലുള്ള കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി, കോഴിക്കോട് ആസ്റ്റർ




മിംസ്, ബെംഗളൂരുവിലെ ആസ്റ്റർ സി.എം.ഐ എന്നിവ വിദേശത്ത് നിന്നുള്ള രോഗികളെ ആകർഷിക്കുന്ന രാജ്യത്തെ ഏറ്റവും വിശ്വസനീയമായ ആശുപത്രികളിൽ ചിലതാണ്. പശ്ചിമ ആഫ്രിക്കൻ രാജ്യങ്ങൾ, മിഡിൽ ഈസ്റ്റ്, ബംഗ്ലാദേശ്, മാലിദ്വീപ്, നേപ്പാൾ തുടങ്ങിയ സാർക്ക് രാജ്യങ്ങളിൽ നിന്ന് 80 കോടിയിലധികം വരുമാനം വരുമാനമാണ് നേടിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഒരേ ഭൂമി, ഒരേ ആരോഗ്യം എന്നതായിരുന്നു കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇന്റസ്ട്രീസ് (ഫിക്കി) സംയുക്തമായി ഗാന്ധിനഗറിലെ മഹാത്മാ മന്ദിർ കൺവെൻഷൻ ആന്റ് എക്സിബിഷൻ സെന്ററിൽ സംഘടിപ്പിച്ച ഉച്ചകോടിയുടെ മുദ്രാവാക്യം. ജി 20 യുടെ ഭാഗമായി നടക്കുന്ന നാലാമത് ആരോഗ്യ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യമന്ത്രിമാരുടെ യോഗവും ഉച്ചകോടിയോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു.

# കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി സെന്റർ ആലുവയിൽ ആരംഭിച്ചു

**കൊച്ചി:** എല്ലാ വിദ്യാർത്ഥികളുടെയും അഭിരുചികളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമി കാഴ്ച വയ്ക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ. ബിന്ദു പറഞ്ഞു. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ കേരളയുടെ പുതിയ സിവിൽ സർവീസ് അക്കാദമി സെന്റർ ആലുവ മെട്രോ സ്റ്റേഷനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മികച്ച പരിശീലനം നൽകി സിവിൽ സർവീസ് മേഖലയിൽ കേരളത്തിന്റെ പ്രാതിനിധ്യം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ അക്കാദമിക്ക് തുടക്കമിട്ടത്. സ്വകാര്യ മേഖലയിലെ പരിശീലന കേന്ദ്രങ്ങളിൽ നിന്ന് വ്യത്യസ്തമായി കുറഞ്ഞ ചെലവിൽ വിദഗ്ധ പരിശീലനമാണ് അക്കാദമിയിൽ നൽകുന്നത്. സമൂഹത്തിൽ അരികവത്ക്കരിക്കപ്പെടുന്നവർക്കും പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തിനും അക്കാദമിയിൽ പരിശീലനത്തിന് ഫീസ് അനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.കഴിഞ്ഞവർഷം കേരളത്തിൽ നിന്ന് 37 ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവീസ് വിജയം കൈവരിക്കാൻ കഴിഞ്ഞു. പരീക്ഷയിൽ വിജയം നേടിയവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് ഡൽഹിയിലേക്കുള്ള യാത്ര ചെലവും താമസസൗകര്യവും പരിശീലന കേന്ദ്രം വഹിക്കുന്നുണ്ട്.കുട്ടികളിൽ അക്കാദമിക്ക് തലത്തിൽ മികവ് ഉയർത്തുന്നതിനൊപ്പം തന്നെ വ്യക്തിത്വ രൂപീകരണത്തിലും പരിശീലന കേന്ദ്രം ഇടപെടൽ നടത്തുന്നു. കാലാനുസൃതമായ പരിഷ്കാരങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങൾ സിവിൽ സർവീസ് അക്കാദമിയിലും കൊണ്ടുവരും. സ്കൂൾ കാലഘട്ടം മുതൽ കുട്ടികളുടെ അഭിരുചി വളർത്തുന്നതിനുള്ള പ്രവർത്തനം അക്കാദമിയു




ടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. എട്ടു മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ടാലന്റ് ഡെവലപ്മെന്റ് കോഴ്സ്, പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്കായി സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സ്, ബിരുദ വിദ്യാർത്ഥികൾക്കായി അവരുടെ പഠനത്തിനോടൊപ്പം തുടരാവുന്ന ആഴ്ചകളിൽ മാത്രമുള്ള ക്ലാസ്, ബിരുദം പൂർത്തിയായവർക്കായി സിവിൽ സർവീസ് പ്രിലിമിനറി മെയിൻ പരീക്ഷകൾക്കായുള്ള പരിശീലന ക്ലാസ്സുകളും അക്കാദമിയിൽ നൽകുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.അക്കാദമിയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ലൈബ്രറിയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.അൻവർ സാദത്ത് എം.എൽ.എ അധ്യക്ഷത വഹിച്ചു, ആലുവ നഗരസഭാ ചെയർമാൻ എം. ഒ ജോൺ, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ ഡയറക്ടർ രാജീവ് കുമാർ ചൗധരി, കൊച്ചി മെട്രോ മാർക്കറ്റിംഗ് ജനറൽ മാനേജർ സി. നിരീഷ്, ആലുവ സിവിൽ സർവീസ് അക്കാദമി സബ് സെന്റർ കോ ഓഡിനേറ്റർ കെ.ആർ ശ്രീജിത്ത് തുടങ്ങിയവർ പങ്കെടുത്തു.

# പുതിയ ഓഡി ക്യൂ8 ഇട്രോൺ പുറത്തിറക്കി




**കൊച്ചി:** ജർമ്മൻ ആഢംബര കാർ നിർമ്മാതാക്കളായ ഓഡി പുതിയ ഓഡി ക്യൂ8 ഇട്രോൺ ഇന്ത്യയിൽ പുറത്തിറക്കി. ഓഡി ക്യൂ8 50 ഇട്രോൺ, ഓഡി ക്യൂ8 55 ഇട്രോൺ, ഓഡി ക്യൂ8 സ്പോർട്ട്ബാക്ക് 50 ഇട്രോൺ, ഓഡി ക്യൂ8 സ്പോർട്ട്ബാക്ക് 55 ഇട്രോൺ എന്നിങ്ങനെ നാല് വേരിയന്റുകളിൽ പുതിയ ക്യൂ8 ഇട്രോൺ ലഭ്യമാണ്. ഈ സെഗ്മെന്റിലെ ഏറ്റവും വലിയ 114 കെഡബ്ല്യു ബാറ്ററി വാഗ്ദാനം ചെയ്യുന്ന ഓഡി ക്യൂ8 55 ഇട്രോണും ഓഡി ക്യൂ8 സ്പോർട്ട്ബാക്ക് 55 ഇട്രോണും ഒറ്റ ചാർജ്ജിൽ 600 കിലോമീറ്റർ വരെ പോകാവുന്ന ഇൻഡസ്ട്രിയിലെ തന്നെ ഏറ്റവും മികച്ച ഡ്രൈവിങ്ങ് റെയ്ഞ്ച് നൽകുന്നു. ഓഡി ക്യൂ8 50 ഇട്രോണും ഓഡി ക്യൂ8 സ്പോർട്ട്ബാക്ക് 50 ഇട്രോണും ഒറ്റ ചാർജ്ജിൽ 505 കിലോമീറ്റർ വരെ ഡ്രൈവിങ്ങ് റെയ്ഞ്ച് വാഗ്ദാനം ചെയ്യുന്നു. ആഢംബര പൂർണ്ണമായ സുഖസൗകര്യം, മെച്ചപ്പെടുത്തിയ പ്രകടനം, വലിയ ബാറ്ററികൾ, കൂട്ടിയ ഡ്രൈവ് റെയ്ഞ്ച് എന്നിവ പുതിയ ഓഡി ക്യൂ8 വാഗ്ദാനം ചെയ്യുന്നവയിൽ ചിലതു മാത്രമാണ്. ഓഡി ക്യൂ8 50 ഇട്രോൺ 11,370,000 രൂപയും, ഓഡി ക്യൂ8 55 ഇട്രോൺ 12,610,000 രൂപയും, ഓഡി ക്യൂ8 സ്പോർട്ട്ബാക്ക് 50 ഇട്രോൺ 11,820,000 രൂപയും , ഓഡി ക്യൂ8 സ്പോർട്ട്ബാക്ക് 55 ഇട്രോൺ 13,060,000 രൂപയും ആണ് എക്സ് ഷോറൂം വില. വൈദ്യുതി ഉപയോഗിച്ചുള്ള യാത്രകളിലെ മറ്റൊരു നാഴികക്കല്ലുകൂടി തങ്ങൾ താുകയാണെന്ന് ഓഡി ഇന്ത്യയുടെ തലവനായ ബൽബീർ സിങ്ങ് ധില്ലൻ പറഞ്ഞു.മനോഹരമായ ഈ ഇലക്ട്രിക് കാറുകൾ പുറത്തിറക്കുന്നത് അത്യധികം ആഹ്ളാദത്തോടേയാണ്. ഏറ്റവും വലിയ ബാറ്ററി പായ്ക്കുകൾ അധിക റെയ്ഞ്ച് നൽകുക മാത്രമല്ല, മോഡലുകളുടെ മൂല്യ സ്ഥാനവും മെച്ചപ്പെടുത്തുന്നു. പുതുക്കിയ സ്റ്റൈലിങ്ങ്, മെച്ചപ്പെടുത്തിയ എഞ്ചിനീയറിങ്ങിനെ പരസ്പര പൂരകമാക്കുമ്പോൾ തീർച്ചയായും അത് അൽഭുതകരം തന്നെയാണ്. ഞങ്ങളുടെ ഇലക്ട്രിക് സഞ്ചാര തന്ത്രത്തിന്റെ ഹൃദയഭാഗം തന്നെയാണ് ഓഡി ക്യൂ8 ഇട്രോൺ. ഞങ്ങളുടെ നിരകളെ മുഴുവൻ വൈദ്യുതവൽക്കരിക്കുന്ന യാത്രയിൽ വലിയ കുതിപ്പുാക്കുന്നതിനുള്ള ശക്തമായ അടിത്തറയാണ് അത് ഞങ്ങൾക്ക് നൽകുന്നത്. പുതിയ ഓഡി ക്യൂ8 ഇട്രോണും ഓഡി ക്യൂ8 സ്പോർട്ട്ബാക്ക് ഇട്രോണും കൂട്ടിച്ചേർത്തതിലൂടെ സെഗ്മെന്റിലെ ഏറ്റവും വിശാലമായ ഇവി നിരയാണ് ഇപ്പോൾ ഞങ്ങൾക്ക് ഉള്ളതെന്നും ബൽബീർ സിങ്ങ് ധില്ലൻ പറഞ്ഞു.

# വിദ്യാർത്ഥികളുടെ മൾട്ടി പേലോഡ് ഡ്രോൺ രൂപകൽപ്പനയ്ക്ക് അംഗീകാരം

**ഇരിഞ്ഞാലക്കുട:** ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഇന്ത്യയും കൊച്ചിയിലെ ആൽബെർട്ടിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയും സംഘടിപ്പിച്ച മെക് ക്രാഫ്റ്റ് 23ൽ ഇരിഞ്ഞാലക്കുട വള്ളിവട്ടത്തെ യൂണിവേഴ്സൽ എൻജിനീയറിംഗ് കോളേജ് മെക്കാനിക്കൽ പ്രൊജക്റ്റ് വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടി. കോളേജിലെ അവസാനവർഷ മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥികളായ മുഹമ്മദ് മാഹീൻ, അജയ് കൃഷ്ണ, അഭിജിത് സി ഡി, ദിൽജിത് കെ എസ് എന്നിവരുൾപ്പെട്ട ടീം രൂപകൽപ്പന ചെയ്ത മൾട്ടി പർപ്പസ് പേലോഡ് ഡ്രോണിനാണ് അംഗീകാരം. മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗം തലവൻ ഡോ. പ്രേംശങ്കറുൾപ്പെട്ട അധ്യാപകരാണ് ടീമിനു വേണ്ട മാർഗനിർദേശങ്ങൾ നൽകിയത്.



# ഒരു ലക്ഷം ഇവി : അതുല്യ നേട്ടവുമായി ടാറ്റ മോട്ടോഴ്സ്



**കൊച്ചി:** രാജ്യത്തിന്റെ സുസ്ഥിരമായ ഭാവിയിലേക്ക് സംഭാവന നൽകാനുള്ള പ്രതിബദ്ധതയിലുറച്ച് ഇന്ത്യൻ നിരത്തുകളിൽ ഒരു ലക്ഷം ഇവികളെന്ന അതുല്യ നേട്ടവുമായി ടാറ്റ മോട്ടോഴ്സ്. ഇതിന്റെ ഭാഗമായി സുപ്രധാന നേട്ടം കൈവരിക്കാൻ കമ്പനിയെ സഹായിച്ച ഉപഭോക്താക്കളെ പങ്കെടുപ്പിച്ച് കൊച്ചിയിൽ ഇവി റാലി സംഘടിപ്പിച്ചു.

# ഡോ. ശീതൾ നായരെ ആദരിച്ചു



**ന്യൂഡൽഹി:**ന്യൂഡൽഹിയിലെ പ്രശസ്തമായ വിജ്ഞാൻ ഭവനിൽ നടന്ന 2023ലെ ഡോ. എ.പി.ജെ. അബ്ദുൾ കലാം ഇൻസ്പിരേഷൻ അവാർഡ്ദാന ചടങ്ങിൽ വഡോദര ആസ്ഥാനമായുള്ള സ്ഥാപനമായ ഉടടഏ ബെസ്പോക്ക് സൊല്യൂഷൻസിന്റെ കേരളത്തിൽ വേരുകളുള്ള ഡോ. ശീതൾ നായരെ 'സാമൂഹ്യ ശാസ്ത്രജ്ഞൻ' എന്ന ബഹുമതി നൽകി ആദരിച്ചു. രാജ്യത്തെ ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, സംരംഭകത്വം എന്നിവയിൽ പരിവർത്തനാത്മകമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയ അസാധാരണ വ്യക്തികളെ ആദരിക്കുന്നതിനായി നടത്തിയ ചടങ്ങിൽ ഇന്ത്യൻ അമേച്വർ ബോക്സറും മുൻ പാർലമെന്റ് അംഗവുമായ മരി കോം, മുൻ കേന്ദ്ര ക്യാബിനറ്റ് മന്ത്രിയും ഇപ്പോഴത്തെ പാർലമെന്റ് അംഗവുമായ പ്രകാശ് ജാവദേക്കർ, ദേശീയ ബിജെപി വക്താവ് സയ്യിദ് ഷാനവാസ് ഹുസൈൻ, ഉത്തർപ്രദേശ് സർക്കാരിലെ ലേബർ, തൊഴിൽ വകുപ്പ് മന്ത്രി താക്കൂർ രഘുരാജ് സിംഗ്, ബിജെപി ഡൽഹി അധ്യക്ഷൻ വീരേന്ദ്ര സച്ച്ദേവ, ബിജെപി ഡൽഹിയുടെ മുൻ പ്രസിഡന്റും നോർത്ത് ഡൽഹിയുടെ മുൻ മേയറുമായ ആദേശ് ഗുപ്ത, രാജ്യസഭ അംഗം ജയപ്രകാശ് നിഷാദ് തുടങ്ങിയവർ സംബന്ധിച്ചു. തന്റെ ശ്രദ്ധേയമായ നേട്ടങ്ങൾ രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കളുടെയും ജീവിതപങ്കാളിയുടെയും പ്രിയപ്പെട്ട മകന്റെയും സഹകാരികളുടെയും അചഞ്ചലമായ പിന്തുണയെ അംഗീകരിച്ചുകൊണ്ട് ഡോ. ശീതൾ നായർ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി.സെൽഫ് ഹെൽപ്പ് സാഹിത്യരംഗത്തെ മൂന്ന് ദേശീയ ബെസ്റ്റ് സെല്ലറുകളുടെ രചയിതാവ് എന്ന നിലയിൽ, സിഎൻബിസി, സീ ബിസിനസ്സ് തുടങ്ങിയ ആദരണീയ പ്ലാറ്റ്ഫോമുകളിൽ ഉത്കണ്ഠ, വിഷാദം, ഡിജിറ്റൽ ആസക്തി എന്നീ വിഷയങ്ങളിൽ തത്സമയ ടെലിവിഷൻ കൗൺസിലിംഗ് സെഷനുകളിലൂടെ പരിചിത മുഖമായ ഡോ. നായർ, വൈവിധ്യമാർന്ന സംരംഭങ്ങളിലൂടെ സാമൂഹിക ബോധത്തെയും വൈവിധ്യത്തെയും മുന്നോട്ട് നയിക്കുന്ന ഒരു വ്യക്തിത്വം കൂടിയാണ്. കേരളത്തിന്റെ തീരദേശ മേഖലയിൽ നിന്ന് യാത്ര ആരംഭിച്ച കുടിയേറ്റ മാതാപിതാക്കളുടെ മകനായി ഗുജറാത്തിലെ വഡോദരയിൽ ജനിച്ച ഡോ. നായർ, ബറോഡയിലെ മഹാരാജ സയാജിറാവു സർവകലാശാലയിൽ നിന്നും ബിരുദവും പൂനെയിലെ ബഹുമാനപ്പെട്ട സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്ന് എംബിഎയും നേടി. വിജ്ഞാനത്തിനായുള്ള അടങ്ങാത്ത ത്വരയാൽ നയിക്കപ്പെട്ട അദ്ദേഹം ഇരട്ട ഡോക്ടറേറ്റുകൾ നേടുകയും ഐഐഎം കൽക്കട്ട, ഹാർവാർഡ്, ജോൺ ഹോപ്കിൻസ് എന്നിവയുൾപ്പെടെയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ ഭാഗമാവുകയും ചെയ്തു.

# എംഎസ്എംഇ ഹെൽപ്പ് ഡെസ്ക്കുകൾ ലക്ഷ്യമിടുന്നത് പുതിയ സംരംഭങ്ങളുടെ സുസ്ഥിരത: മന്ത്രി രാജീവ്



**കൊച്ചി:** സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങളുടെ സുസ്ഥിരത എംഎസ്എംഇ ഹെൽപ്പ് ഡെസ്ക്കുകൾ ഉറപ്പുവരുത്തുമെന്ന് വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. എംഎസ്എംഇകൾക്ക് ഫിനാൻസ്, ടാക്സ്, ഓഡിറ്റ് വിഷയങ്ങളിൽ വിദഗ്ദ്ധ സേവനത്തിനായി ആരംഭിക്കുന്ന ഹെൽപ്പ് ഡെസ്ക്ക് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.ചാർട്ടേഡ് അക്കൗണ്ടന്റുമാർക്കായുള്ള നികുതി ഓഡിറ്റ് ഏകദിന സെമിനാറും മന്ത്രി ഉദ്ഘാടനം ചെയ്തു. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടൻറ്സ് ഓഫ് ഇന്ത്യ(ഐ.സി.എ.ഐ)യുടെ കേരള ചാപ്റ്ററും ചേർന്നാണ് ഹെൽപ്പ് ഡെസ്ക്ക് പദ്ധതി നടപ്പാക്കുന്നത്.പുതിയ സംരംഭകർക്ക് സംരംഭങ്ങൾ സുസ്ഥിരമായ ബിസിനസ്സാക്കി വളർത്തിയെടുക്കാൻ വേണ്ട എല്ലാ സാമ്പത്തിക മാർഗനിർദ്ദേശങ്ങളും എംഎസ്എംഇ ഹെൽപ്പ് ഡെസ്കുകൾ വഴി ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു. വ്യവസായ സംരംഭങ്ങളേയും ഐ.സി.എ.ഐ പോലുള്ള പ്രൊഫഷണൽ സംഘടനകളെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിദഗ്ദ്ധ സേവനം ലഭ്യമാകുക വഴി വ്യാവസായിക വളർച്ചക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി നിരവധി പുതിയ സംരംഭങ്ങൾ കേരളത്തിൽ ഉയർന്നു വരുന്നുണ്ട്. സംസ്ഥാനത്തിൻറെ വ്യാവസായികാന്തരീക്ഷത്തിന് മുൻതൂക്കം നൽകുന്ന 22 മേഖലകൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അവയ്ക്ക് ഊന്നൽ നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.വ്യവസായ സംരംഭങ്ങൾക്കായുള്ള എംഎസ്എംഇ ഹെൽപ്പ് ഡെസ്ക്കുകളുടെ സേവനം സെപ്റ്റംബർ രണ്ടിന് ആരംഭിക്കുമെന്ന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ എസ്. ഹരികിഷോർ പറഞ്ഞു. രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയായിരിക്കും വിദഗ്ധ സേവനം ലഭ്യമാകുക. വ്യവസായ വകുപ്പിൻറെയും ഐ.സി.എ.ഐയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ സംരംഭകരെ ഈ പദ്ധതിയുടെ ഭാഗമാക്കാനാകും. ഗുണനിലവാരമുള്ള സേവനം ലഭിച്ചു തുടങ്ങിയാൽ സംരംഭകർ ഹെൽപ്പ് ഡെസ്ക്കിലേക്ക് കൂടുതലായി എത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മാസത്തിൽ ആദ്യ ശനിയാഴ്ച എംഎസ്എംഇകൾക്ക് ഹെൽപ്പ് ഡെസ്ക്ക് സേവനം ഐ.സി.എ.ഐയുടെ കീഴിലുള്ള ഒമ്പത് മേഖല ഓഫീസുകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ) നിന്ന് സൗജന്യമായി ലഭിക്കും. ഇതു സംബന്ധിച്ച് വ്യവസായ വാണിജ്യ വകുപ്പ് എംഎസ്എംഇഐസിഎഐയുടെ സ്റ്റാർട്ടപ്പ് സംയുക്ത സമിതിയുമായി ഈ വർഷം ഏപ്രിൽ ഒന്നിന് ധാരണാപത്രം ഒപ്പുവച്ചിരുന്നു.ഐ.സി.എ.ഐ ചാപ്റ്ററിൽ നിന്നുള്ള ചാർട്ടേർഡ് അക്കൗണ്ടൻറ്, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥൻ എന്നിവർ ഹെൽപ്പ് ഡെസ്ക്കിൽ ഉണ്ടായിരിക്കും. ബിസിനസ് ഘടന, ടാക്സേഷൻ, ലോണിനായുള്ള ഡിപിആർ തയ്യാറാക്കൽ തുടങ്ങിയവയിൽ ഐ.സി.എ.ഐ പ്രതിനിധികളും സബ്സിഡി, ഫെസിലിറ്റേഷൻ, ലൈസൻസ് തുടങ്ങിയവയിൽ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥനും സംരംഭകർക്ക് ഉപദേശങ്ങൾ നൽകും.ഐ.സി.എ.ഐ എറണാകുളം ബ്രാഞ്ച് ചെയർപേഴ്സൺ ദീപ വർഗീസ്, ഐ.സി.എ.ഐ ഫെല്ലോ മെമ്പർ രാംനാഥ് വി., മുൻ ഐ.സി.എ.ഐ സെൻട്രൽ കൗൺസിൽ മെമ്പർ ബാബു എബ്രഹാം കള്ളിവയലിൽ, ഐ.സി.എ.ഐ എറണാകുളം ബ്രാഞ്ച് സെക്രട്ടറി എ.എസ് ആനന്ദ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.ചാർട്ടേഡ് അക്കൗണ്ടൻറുമാരുടെ ലോകത്തിലെ രണ്ടാമത്തെ വലിയ പ്രൊഫഷണൽ സംഘടനയാണ് ഐ.സി.എ.ഐ.

# സ്പാർക്ക് മിൻഡയുടെ നവീകരിച്ച ഫിൽറ്റർ ശ്രേണി വിപണിയിൽ



**കൊച്ചി:** വർദ്ധിച്ചുവരുന്ന ഇരുചക്ര വാഹന ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പുതിയ പാക്കേജിംഗും നവീകരിച്ച സവിശേഷതകളുമായി സ്പാർക്ക് മീൻഡ ന്യൂതന എയർ / ഓയിൽ ഫിൽട്ടർ ശ്രേണി അവതരിപ്പിച്ചു.പുതിയ ഫിൽട്ടറുകളുടെ ഉപയോഗത്തിലൂടെ വാഹനങ്ങളുടെ കാര്യക്ഷമമമായ പ്രവർത്തനവും മികച്ച ഫിൽട്രേഷനും എഞ്ചിൻ പരീക്ഷയും ഉറപ്പു നൽകുന്നു.  ഈ പാക്കേജിംഗിൻറെ നിർമ്മാണത്തിന് ഗുണമേന്മയുള്ള വസ്തുക്കൾ ഉപയോഗിച്ചിരിക്കുന്നതും സംരക്ഷണ സവിശേഷതകളുള്ളതും വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കാൻ സഹായിക്കും. അധികകാലം നിലനിൽക്കുന്നു, മാറ്റിസ്ഥാപിക്കാനുള്ള  കാലദൈർഘ്യം വർദ്ധിപ്പിക്കുന്നു എന്നതെല്ലാം ഇതിൻറെ പ്രത്യേകതകളാണ്. നവികരിച്ച ഫിൽട്ടറുകളുടെ ഉപയോഗത്തിലൂടെ ശുദ്ധവും ഫിൽറ്റർ ചെയ്തതുമായ എയർ / ഓയിൽ ലഭ്യമാക്കുന്നതു മൂലം എഞ്ചിൻറെ  ആയുസ്സ് വർദ്ധിപ്പിക്കുന്നതിനും ഉപഭോക്താക്കളുടെ വാഹന ഉപയോഗം മറക്കാനാകാത്തൊരു അനുഭവം നൽകുമെന്നും കമ്പനി ആഫ്റ്റർ മാർക്കറ്റ് ഡിവിഷൻ സി.ഇ.ഒ. അരുൺ നാഗ്പാൽ പറഞ്ഞു.വാഹനത്തിൻറെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുകയും പരിസ്ഥിതി സൗഹൃദയിലേക്കുള്ളൊരു സംഭാവനയുമാണിത്. കെ.എം മാനദണ്ഡങ്ങൾക്കനുസൃതമായി നവീകരിച്ച ബി എസ് 6  സീരീസിലുള്ള ഫിൽറ്ററുകൾ കമ്പനി  ഉടനെ വിപണിയിൽ ഇറക്കും. ഉയർന്ന ഉപഭോത് കൃത അനുഭവങ്ങൾ ഉറപ്പാക്കുന്നതിന് ഉന്നത നിലവാരത്തിലുള്ള ഓട്ടോമോട്ടീവ് ഉൽപ്പന്നങ്ങൾ നൽകാൻ കമ്പനി എപ്പോഴും പ്രതിജ്ഞാ ബദ്ധമാണ്.  സ് പാർക്ക് മിൻഡയുടെ എല്ലാ ഉല്പന്ന ലൈനുകളിലും വിതരണ ചാനലുകളിലും ആഫ്റ്റർ മാർക്കറ്റ് ഔട്ട് ലെ റ്റു  കളിലും അപ് ഗ്രേഡ് ചെയ്ത പാക്കിംഗ് സംവിധാനം ഉടനെ നടപ്പിലാക്കാനും പദ്ധതിയുണ്ടെന്നും അദ്ദേഹം അറിയിച്ചു.

